LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയുടെ പുനരുദ്ധാരണം

231 (4222) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ ശാക്തീകരണത്തിനായി നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്നും, ഏതെല്ലാം ജില്ലകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ ശാക്തീകരണത്തിനായി നൽകിയ സഹായങ്ങളും ജില്ലകൾക്ക് അനുവദിച്ച തുകയും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

കൈത്തറി പുനരുദ്ധാരണ പദ്ധതി

232 (4223) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് എത്ര രൂപ നല്കിയെന്നും എന്നാണ് പണം നൽകിയതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുവോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വിതരണം ചെയ്തിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണ് വിതരണം ചെയ്യാത്തതെന്നും എന്ന് വിതരണം ചെയ്യുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം (റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ്) ഒന്നാംഘട്ടത്തിൽ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 23.03 കോടി രൂപ 19-3-2013-ൽ നബാർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കേന്ദ്രവിഹിതമായി 141 കോടി രൂപ അനുവദിച്ചതിൽ ഒന്നാംഗഡുവായി 58 കോടി രൂപ 23-7-2014-ലും രണ്ടാംഗഡുവായി 83 കോടി രൂപ 24-9-2014-ലും ലഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ കേന്ദ്രത്തിൽനിന്നും ലഭിച്ച 23.03 കോടി രൂപയും സംസ്ഥാന വിഹിതമായ 5.98 കോടി രൂപയും 122 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും നബാർഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ആദ്യഗഡുവായി കേന്ദ്രത്തിൽനിന്നും ലഭിച്ച 58 കോടി രൂപയിൽ 57.35 കോടി രൂപ ഹാന്റക്സിനും 9 ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്കുമായി വിതരണം ചെയ്തു. കൂടാതെ സംസ്ഥാന വിഹിതമായ 10.02 കോടി രൂപയും 9 ജില്ലകൾക്കായും ഹാന്റക്സിനും വിതരണം ചെയ്തു. രണ്ടാംഘട്ടത്തിലെ ഒന്നാം ഗഡുവിലെ ബാക്കി തുകയും രണ്ടാം ഗഡുവായി ലഭിച്ച 83 കോടി രൂപയും17-12-2014-ൽ ചേരുന്ന സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റി യോഗ തീരുമാനമനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

(സി) രണ്ടാംഘട്ടത്തിലെ ഒന്നാംഗഡുവിലെ ബാക്കി തുകയായ 65 ലക്ഷം രൂപയും രണ്ടാംഗഡുവിലെ 83 കോടി രൂപയുമാണ് ഇനി വിതരണം ചെയ്യാനുള്ളത്. 11-12-2014-ലെ ജി.ഒ.(ആർറ്റി.)നമ്പർ 1395/14/വ്യവ. നമ്പർ ഉത്തരവുപ്രകാരം രണ്ടാം ഗഡുവിലെ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

കേരളത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

233 (4224) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പേരും, വിലാസവും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കൈത്തറി സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ, അവരുടെ മേൽവിലാസം, ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടന്ന തീയതി, കാലാവധി അവസാനിക്കുന്ന തീയതി എന്നിവ സംഘം തിരിച്ച് വ്യക്തമാക്കാമോ ;

(സി) കൈത്തറി സംഘങ്ങളിലെ ജീവനക്കാർ, തസ്തിക, വിലാസം എന്നിവ സംഘം തിരിച്ച് വെളിപ്പെടുത്താമോ ;

(ഡി) കൈത്തറി സംഘങ്ങളിൽ ഹാന്റക്സിൽ അംഗത്വമുള്ള സംഘങ്ങളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) കൈത്തറി സംഘത്തിൽ നിലവിലുള്ള അംഗങ്ങളുടെ എണ്ണം സംഘം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly